LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലാ ആശുപത്രി

61(2529) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജില്ലാ ആശുപത്രി പദവിയുള്ള എത്ര ആശുപത്രികൾ ഉണ്ട്;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒന്ന്

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ ഇതിലേക്കായി ലഭ്യമാക്കിയ പ്രൊപ്പോസലിൽ അധിക വിവരം ആരാഞ്ഞിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭ്യമായാൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

പഴയങ്ങാടി താലൂക്ക് ആശുപത്രി

62(2530) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ആറ് കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സ്റ്റാഫ് നഴ്സിന്റെ (ഗ്രേഡ്-I) ഒരു ഒഴിവ് നിലവിലുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഒഴിവ് നികത്തുന്നതാണ്. സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മറുപടി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ആറ് കോടി രൂപയുടെ പ്രോജക്ട് പൂർണ്ണമല്ലാതിരുന്നതിനാൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നൽകുന്നതിനായി കണ്ണൂർ ജില്ലാ മെഡിക്കലോഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.